ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. മാത്രമല്ല രണ്ടു പേരെ തെരഞ്ഞെടുക്കണമെന്ന് ഈ ഗവണ്മെൻറ് പബ്ലിക് സർവ്വീസ് കമ്മീഷനോട് പറയുകയും ചെയ്തു.

ശ്രീ. കെ. കുട്ടപ്പൻ കോയിക്കൽ : അങ്ങനെ ഉണ്ടായിരുന്നിട്ടും അങ്ങനെ രണ്ടുപേരെ തെരഞ്ഞെടുക്കാത്തതെന്തു കൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള യോഗ്യതകൂടി അവർക്കുണ്ടാകണം. പതിനാറു മജിസ്ട്രേട്ടന്മാരെ തെരഞ്ഞെടുക്കുമ്പോൾ രണ്ടു പേരെങ്കിലും പട്ടികജാതിക്കാരായിരിക്കണമെന്നുള്ള ആഗ്രഹംമൂലം ഒരു സ്പെഷ്യൽ ഓർഡർ പബ്ലിക്ക് സർവ്വീസ് കമ്മീഷനു കൊടുത്തിട്ടുണ്ട്. അതനുസരിച്ച് ഒരാളെ തെരഞ്ഞെടുത്തു. ഇനിയും രണ്ടാളെക്കൂടി തെരഞ്ഞെടുക്കും.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : 1952-ൽ, എക്സിക്യൂട്ടീവ് ഉദ്യോഗങ്ങളിൽ പട്ടികജാതിക്കാരെ നിയമിച്ച് അവർക്ക് പ്രാക്ടീസ് നൽകണമെന്ന് ഇൻഡ്യാ ഗവണ്മെൻറിന്റെ ഒരു കുറിപ്പ് ലഭിച്ചിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള തരത്തിൽ നോട്ടീസൊന്നില്ല.

## Authority to test Buses

* 124. [32] SHRI P. V. AYIRA THARAKAN : Will the Minister for Home Affairs be pleased to state the authority to test the breaks and engines of the Private motor buses and Transport buses ?

*Minister for Works* (SHRI K. I. VELAYUDHAN) : Any one of the following Officers can test Transport vehicles :—

(1) Superintendent of Police, Traffic and Taxation.

(2) Assistant Superintendent of Police, Traffic and Taxation.

(3) Traffic and Taxation Assistants.

(4) Traffic Sub Inspectors of Police.

ശ്രീ. പി. വി. അവിരാതരകൻ : ഇവർക്ക് എൻജിനെ സംബന്ധിച്ചും ബ്രേക്കിനെ സംബന്ധിച്ചും മറ്റും നല്ല വൈദഗ്ദ്ധ്യമുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ വൈദഗ്ദ്ധ്യമുള്ളവരെയാണ് എടുത്തിട്ടുള്ളത്.

ശ്രീ. പി. വി. അവിരാതരകൻ : ഇതിനു വല്ല പരീക്ഷയോമറ്റും വേണമെന്നുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ശരിയായിട്ടറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly